# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1559 03.12.2018 ൽ മറുപടിക്ക്

## സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് എന്നതിന്റെയും ഇതിൽ പി.എസ്.സി വഴിയല്ലാതെ നിയമനം ലഭിച്ച എത്ര പേരുണ്ട് എന്നതിന്റെയും വിശദാംശം നൽകുമോ; | (എ) യും (ബി) യും | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 103 ഹെഡ് ഓഫീസ് ജീവനക്കാരും 614 ഫാക്ടറി ഓഫീസ് ജീവനക്കാരും 11459 തൊഴിലാളികളും ഉൾപ്പടെ 12176 പേർ ജോലി ചെയ്തു വരുന്നു. പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്നത് ചുവടെ പറയുന്ന തസ്തികകളിലാണ്.<br>1.അസിസ്റ്റൻറ് പേഴ്സണൽ ഓഫീസർ<br>2.ജൂനിയർ അസിസ്റ്റൻറ്<br>3.ജൂനിയർ ടൈപ്പിസ്റ്റ്<br>4.ഓവർസിയർ<br>5.റിസപ്ഷനിസ്റ്റ് കം ടെലഫോൺ ഓപ്പറേറ്റർ<br>6.ഇലക്ട്രീഷ്യൻ<br>7.ഓഫീസ് അറ്റൻഡൻറ്<br>മേൽ തസ്തികകളിൽ ആകെ 30 പേർ ജോലി ചെയ്യുന്നു. ടി ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ നേരിട്ട്/ ആശ്രിത നിയമനം വഴി/ഐ.ആർ.സി കരാർ/ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും തൊഴിലാളികളെ ടെസ്റ്റ് വർക്ക് നടത്തിയുമാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കോർപ്പറേഷനിലെ നിയമനങ്ങൾ പി. എസ്.സിക്ക് വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.ക്ക് വിട്ടിട്ടുള്ളത്; വിശദാംശം നൽകുമോ; | | |
| (സി) | സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തതിനാൽ പ്രസ്തുത കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് നടത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി വഴിയല്ലാതെ ഈ സ്ഥാപനത്തിൽ എത്ര പേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി വഴിയല്ലാതെ നിയമനം നടത്തിയ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഹെഡ് ഓഫീസ് സ്റ്റാഫ്<br>ഹെഡ് ഓഫീസിൽ കൊല്ലം ജില്ലയിൽ 31.12.2009 ൽ നടന്ന പാചക വാതക ടാങ്കർ ലോറി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതരായ 2 പേർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും കശുവണ്ടി കോർപ്പറേഷനിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടയാളുടെ ആശ്രിതയ്ക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.<br>കോൺട്രാക്ട് നിയമനം<br>ഭരണ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 7 പേരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്.<br>ഫാക്ടറി ജീവനക്കാർ<br>ഫാക്ടറി ഓഫീസ് ജീവനക്കാരുടെ തസ്തികകളിൽ 9 പേരെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരവും 94 പേരെ കാഷ്യൂ ഐ.ആർ.സി കരാർ പ്രകാരവും നിയമനം നടത്തിയിട്ടുള്ള താണ്. ഫാക്ടറി അസിസ്റ്റന്റ് കം നൈറ്റ് ഡ്യൂട്ടി ക്ലർക്ക് തസ്തികയിലെ 11 ഒഴിവുകൾ നികത്തുന്നതിന് നടപടി അന്തിമഘട്ടത്തിലാണ്.<br>തൊഴിലാളികൾ<br>തൊഴിലാളികളായി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 19 പേർക്കും,ടെസ്റ്റ് വർക്ക് മുഖാന്തിരം 1547 പേർക്കും നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ